LIBRARY ARCHIVES Kerala Legislative Assembly

&

(ബി) ഏതെങ്കിലും സർക്കാർ ലോ കോളേജിൽ പ്രസ്തുത കോഴ്സ് നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിലും സ്വകാര്യ കോളേജായ തിരുവനന്തപുരത്തെ കേരള ലോ അക്കാദമി കോളേജിലുമാണ് ത്രിവത്സര എൽ.എൽ.ബി. സായാഹ്ന കോഴ്സ് നടത്തിവന്നിരുന്നത്. എന്നാൽ, ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് 11-6-2021-ലെ ജി.ഒ.(എം.എസ്) നമ്പർ 280/2021/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിലെ ത്രിവത്സര എൽ.എൽ.ബി. സായാഹ്ന കോഴ്സ് നിർത്തലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ത്രിവത്സര സായാഹ്ന കോഴ്സുകൾ നിർത്തലാക്കിയത് സ്വാശ്രയ കോളേജുകൾക്ക് ബാധകമാക്കാത്തതിന്റെ കാരണം അറിയിക്കുമോ;

&

(ഡി) തിരുവനന്തപുരം സർക്കാർ ലോ കോളേജിൽ അവസാനിപ്പിച്ച ത്രിവത്സര സായാഹ്ന എൽ.എൽ.ബി. കോഴ്സ് പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

(സി&ഡി) ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ Legal Education Rules 2008 പ്രകാരം അനുവദനീയമല്ലാത്ത സായാഹ്ന ത്രിവത്സര എൽ.എൽ.ബി. കോഴ്സ് തിരുവനന്തപുരം കേരള ലോ അക്കാദമി ലോ കോളേജിൽ നടത്തിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് കൂടി കണക്കിലെടുത്ത് തിരുവനന്തപുരം സർക്കാർ ലോ കോളേജിൽ നിർത്തലാക്കിയ ത്രിവത്സര സായാഹ്ന എൽ.എൽ.ബി. കോഴ്സ് പുനരാരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

മഞ്ചേശ്വരം ഗോവിന്ദ പൈ സർക്കാർ കോളേജിൽ ഇൻഡോർ സ്റ്റേഡിയം

115 (4503) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ്, ആർ.ഐ.ഡി.എഫ്. ഫണ്ട് ഉപയോഗിച്ച് മഞ്ചേശ്വരം ഗോവിന്ദ പൈ സർക്കാർ കോളേജിൽ ഇൻഡോർ സ്റ്റേഡിയം, സ്പോർട്സ് ഹോസ്റ്റൽ, ഫുട്ബോൾ ഗ്രൗണ്ട് എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്ക് നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

&

(ബി) പദ്ധതി അടങ്കൽ എത്രയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി ഈ വർഷം തുടങ്ങാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) മഞ്ചേശ്വരം ഗോവിന്ദ പൈ സർക്കാർ കോളേജിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് ഇൻഡോർ സ്റ്റേഡിയം, സ്പോർട്സ് ഹോസ്റ്റൽ, ഫുട്ബോൾ ഗ്രൗണ്ട് എന്നിവ നിർമ്മിക്കുന്നതിനുള്ള 5.6 കോടി രൂപ അടങ്കൽ തുകയായി നിശ്ചയിച്ച പ്രൊപ്പോസൽ 2019-20-ൽ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു വെങ്കിലും അനുമതി ലഭിച്ചില്ല.

ഗോവിന്ദ പൈ കോളേജിലെ കെട്ടിട നിർമ്മാണം

116 (4504) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദ പൈ സർക്കാർ കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി ബ്ലോക്ക് എന്നിവ നിർമ്മിക്കുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) മഞ്ചേശ്വരം ഗോവിന്ദ പൈ സർക്കാർ കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിന് 6.93 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) ലേഡീസ് ഹോസ്റ്റൽ, ആധുനികരീതിയിലുള്ള ലൈബ്രറി കെട്ടിടം എന്നിവയുടെ പ്രവൃത്തി ഈ വർഷം തന്നെ ആരംഭിക്കുന്നതിന് സാധിക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി എപ്പോഴാണെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള ഡിസൈന് GRIHA (Green Rating for Integrated Habitat Assessment) സ്റ്റാൻഡേർഡ് അനുസരിച്ച് മാറ്റം ഉണ്ടാകുന്നതിനാൽ എസ്റ്റിമേറ്റിലും മാറ്റമുണ്ടാകും. പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി സംബന്ധിച്ച് വിവരം ലഭ്യമാവുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly